➪ *അപ്പോഴേക്കും ദൂരെ പ്രധാന നിരത്തിലൂടെ ഘോഷയാത്ര നീന്തിവരുന്ന ശബ്ദം കേട്ടു...* ➪

# വാരിക്കുന്തത്തേക്കാൾ മൂർച്ചകൂടിയ അധരമുനകൾ

സദാചാര ഗുണ്ടായിസത്തിനും ഫാസിസത്തിനുമെതിരെ പ്രതീകാത്മകമായി പ്രതിഷേധിക്കാൻ സ്നേഹചുംബനം എന്ന കൂട്ടായ്മ ഒരുക്കിയ ചെറുപ്പക്കാരെ കൈകാര്യം ചെയ്യാൻ വന്ന വാനരസേന ക്കൊപ്പം കാക്കിയും ചുവപ്പും പച്ചയും ത്രിവർണ്ണവും ഒറ്റക്കെട്ടായി നിലകൊണ്ടത് എന്തുകൊണ്ടാണ്?

**എസ്. നാരായണൻ**

**1969** ലാണ് വി.കെ.എന്നിന്റെ ആരോഹണം എന്ന നോവൽ പുറത്തുവന്നത്. ദൽഹിയിൽ നഗ്നസന്യാസി മാരും സിൽബന്ദികളും ചേർന്ന് നടത്തിയ ഘോഷയാ ത്രയെക്കുറിച്ച് അതിലൊരിടത്ത് വിസ്തരിച്ച് പ്രതിപാ ദിക്കുന്നുണ്ട്. 1966 ൽ ജനസംഘത്തിന്റെ നേതൃത്വ ത്തിൽ പാർലമെന്റിനു മുന്നിലേക്ക് നടത്തിയ പ്രകടന ത്തിന്റെ വിവരണമാണ് വി.കെ.എൻ. നൽകുന്നത്. പോലീസ്സേനയും മുഖ്യധാരാ രാഷ്ട്രീയ കക്ഷിക ളും ചേർന്ന് കേരളത്തിൽ ഈയിടെ ഒരുക്കിക്കൊണ്ടി രിക്കുന്ന അവസ്ഥാവിശേഷങ്ങളോട് ഏറെ സാമ്യം തോന്നുന്നു, അരനൂറ്റാണ്ട് അടുക്കാറായ ഘട്ടത്തിൽ ഈ ഘോഷയാത്രാ വിവരണം വായിക്കുമ്പോൾ. 'ആ രോഹണ' ത്തിൽ നിന്ന്:

*''സസ്യസമ്പന്നമായ പ്രാതലിനു പുറത്ത് ഒമ്പതുമ ണിയോടെ തിരിച്ചു ചെങ്കോട്ടയുടെ പരിസരമെത്തിയ പ്പോഴേക്കും പുതിയ നഗരത്തിലേക്കു നീളുന്ന നെടു ങ്കൻ നിരത്ത് പോലീസുകാർ അടച്ചുകഴിഞ്ഞിരുന്നു...... ചാന്ദിനി ചൗക്കിൽ നിന്ന് തെന്നിപ്പോകുന്ന ഇടുങ്ങിയ വഴികളിലൂടെ ഒരു മണിക്കൂർ നേരം ഇഴഞ്ഞപ്പോൾ പുതിയ നഗരത്തിന്റെ കവാടത്തിലെത്തി. അപ്പോഴേ ക്കും ദൂരെ പ്രധാന നിരത്തിലൂടെ ഘോഷയാത്ര നീ ന്തിവരുന്ന ശബ്ദം കേട്ടു.... വെട്ടുകിളികളുടെ സംഹാ ര ലക്ഷങ്ങൾ മൂളിയടുക്കുന്ന മാതിരി ദൂരെ നിന്ന് ഘോഷയാത്ര ഇഞ്ചിഞ്ചായി ഇരമ്പിക്കയറുകയായിരു ന്നു...... ഫുട്പാത്തിൽ കയറി മനുഷ്യ പ്രവാഹത്തിലൂ ടെ ഘോഷയാത്ര വരുന്ന ഭാഗത്തേക്ക് പയ്യൻ നീങ്ങി. നീളൻ ലാത്തി ധരിച്ച പോലീസുകാർ വാരകൾ ഇടവി ട്ട് ഫുട്പാത്തിനോട് ചേർന്ന് നിരത്തിലിറങ്ങി നിന്നിരു ന്നു. ഘോഷയാത്രക്ക് തടസ്സം വരാത്ത വിധം നിര ത്തുകൾ ഒഴിച്ചിടുകയായിരുന്നു അവർക്ക് പണി. നിര ത്തിൽ ഇറങ്ങിയവരെ ലാത്തികൾ വിലങ്ങനെ തള്ളി ഫുട്പാത്തിലേക്കുതന്നെ തള്ളിക്കയറ്റി.*

*നിരത്തിനു പടിഞ്ഞാറുവശത്തുള്ള നിരചേർന്നു നിൽക്കുന്ന മാളിക വീടുകളുടെ മട്ടുപ്പാവിൽ സ്ത്രീക ളും കുട്ടികളും ഇടതിങ്ങി നിന്നിരുന്നു. അവരുടെ കൈയിൽ പൂമാലകളും പൂക്കൊട്ടകളുമുണ്ടായിരുന്നു. യാത്ര കടന്നു പോകുമ്പോൾ സനാതനികളുടെ മേൽ വൃഷ്ടി നടത്താനാണ്.*

*സാൽവൻ പ്രഭുവിന്റെ വേദാന്തത്തിൽ പയ്യനു വി ശ്വാസം വർദ്ധിച്ചു വരികയായിരുന്നു. മതേതരത്വം ഇറ ക്കുമതി ചെയ്യാൻ വിദേശനാണയമില്ലാത്ത ഈ രാജ്യ ത്തിന്റെ വേരുകൾ ഭൂതത്തിൽ തന്നെയാണ്. അടിവെ ച്ചു മുന്നോട്ടു പോകുംതോറും ഫുട്പാത്തിലെ തിര*

➪ അവിടെ പശുക്കളും നഗ്നസന്യാസികളുമാണെങ്കിൽ നമുക്കിവിടെ പോത്തുകളും വാനര സേനകളുമുണ്ട് ➪

*ക്കിനു പിരിമുറുക്കം കൂടിവന്നു. വനഭ്രമരത്തിന്റെ മൂളൽ അടുത്തുകേട്ടുതുടങ്ങി. ഉച്ചഭാഷിണികളുടെ മൂലസ്വരംതന്നെ കേൾക്കാം എന്ന നിലയായി. തിരക്കിൽ ഞെങ്ങി ഞെരുങ്ങി രണ്ടു ഫർലോംഗ് പോയപ്പോൾ പ്രകടനത്തിന്റെ മുൻവശം തലതിരിഞ്ഞുവന്നു. പോലീസ് വാഹനങ്ങളായിരുന്നു ആദ്യം. അതിനു ശേഷമാണ് പശുവിന്റെ ശിരസ്സ് കണ്ണിൽ പെടുന്നത്.*

*കണ്ടപ്പോൾ പയ്യൻ നടുങ്ങി. അതിനു ശേഷം ഒരടി നീങ്ങാൻ പറ്റിയില്ല. കുഴിച്ച മാതിരി നിന്നു. പൂർണ്ണ നഗ്നമായാണ് നാടകം തുടങ്ങുന്നത്. പശുവിന്റെ നഗ്നത മൃഗീയമെങ്കിലും സുന്ദരമാണ്. മനുഷ്യന്റേത് അസുന്ദരത്തേക്കാളേറെ അറപ്പുണ്ടാക്കുന്നതാണ്. വിശ്വാസം വരാത്തവനെപ്പോലെ പയ്യൻ എണ്ണി. അതികായന്മാരായ കാടന്മാർ നൂറെണ്ണത്തിലധികമുണ്ട്. ഫുട്പാത്തിലും മാളിക മുകളിലും നിന്ന സ്ത്രീകളെ കാടന്മാർ ചോരക്കണ്ണാൽ ഒളിയെറിഞ്ഞുപിടിക്കുന്നു. ജനം പകച്ചുനിൽക്കുകയാണ്. ദൈവങ്ങളെ കാണുന്ന അമ്പരപ്പാണ്. മട്ടുപ്പാവുകളിൽ പൂവർഷം തുടരുന്നു.*

*ശൂലമേന്തിയ നഗ്നരായ നാഗസന്യാസിമാരാണ് ഘോഷയാത്ര നയിച്ചത്. ആപാദചൂഡം, നഗ്നതയിലടക്കം, ഭസ്മം പുരട്ടി ചാരവർണ്ണമായ ഉദ്ദണ്ഡന്മാർ. മാറ്റം വരുന്ന താടി. ചോരക്കണ്ണുകൾ. കാടത്തത്തിന്റെ വയസ്സ്. ഘടികാരത്തിന്റെ പെൻഡുലം മാതിരി നിവർന്നും താണും ആടിക്കൊണ്ടിരിക്കുന്ന ആഭാസമായ നഗ്നത. 'ഗോമാതാക്കീ ജയ്' എന്ന പോർവിളി. വഴിക്ക് വീരവനിതകൾ വർഷിച്ച പൂവിതളുകൾ ശിലായുഗ മനുഷ്യരുടെ ദേഹത്തും നിവർന്നാടുന്ന നഗ്നതയിലും പറ്റിനിന്നു.''*

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുള്ള 'ആരോഹണം' പ്രസിദ്ധീകരിക്കപ്പെട്ടിട്ട് നാൽപ്പത്തിയാറ് കൊല്ലം കഴിഞ്ഞു. ഈ നോവലിൽ വിവരിച്ചതുപോലുള്ള ഉത്തരേന്ത്യൻ മോഡൽ ഘോഷയാത്രകൾ കേരളത്തിൽ അരങ്ങേറുമെന്ന് അന്നത്തെ ഏതെങ്കിലും മലയാളി വായനക്കാരൻ സ്വപ്നത്തിൽ പോലും കരുതിയിട്ടുണ്ടാകുമോ? അര നൂറ്റാണ്ടോളം കഴിഞ്ഞിട്ടാണെങ്കിലും നമ്മളും ദേശീയ നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞു. അവിടെ പശുക്കളും നഗ്നസന്യാസികളുമാണെങ്കിൽ നമുക്കിവിടെ പോത്തുകളും വാനര സേനകളുമുണ്ട്. കുറുവടികളും ചൂരലുമായി അവർ തെരുവുകളിൽ അഴിഞ്ഞാടിയപ്പോൾ അവർക്ക് സംരക്ഷണം കൊടുത്ത പോലീസിനോടും കാഴ്ച്ചക്കാരെപ്പോലെ നോക്കി രസിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും, ഈ സംസ്ഥാനത്തെ ദേശീയ ശരാശരിയിലേക്ക് ഉയർത്തിയതിന് മുഴുവൻ കേരളീയരും കടപ്പെട്ടിരിക്കുന്നു

സദാചാര ഗുണ്ടായിസത്തിനും ഫാസിസത്തിനുമെതിരെ പ്രതീകാത്മകമായി പ്രതിഷേധിക്കാൻ സ്നേഹചുംബനം എന്ന കൂട്ടായ്മ ഒരുക്കിയ ചെറുപ്പക്കാരെ കൈകാര്യം ചെയ്യാൻ വന്ന വാനരസേനക്കൊപ്പം കാക്കിയും ചുവപ്പും പച്ചയും ത്രിവർണ്ണവും ഒറ്റക്കെട്ടായി നിലകൊണ്ടത് ഇതൊരു ചരിത്ര സന്ദർഭമാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടുതന്നെയാണ്. തങ്ങൾ നൂറ്റാണ്ടുകളായി താലിച്ചരടിൽ ബന്ധിച്ച്, സിന്ദൂരക്കുറിയും പർദ്ദയും കൊലുസുമണിയിച്ച് മാടുകളെപ്പോലെ അടുക്കളത്തൊഴുത്തിൽ തടവിലിട്ടിരിക്കുന്ന സ്ത്രീ സമൂഹത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിലേക്കാണ് ചുംബനക്കൂട്ടായ്മ ആത്യന്തികമായി എത്തിച്ചേരുക എന്ന തിരിച്ചറിവാണ് ആണായിപ്പിറന്നവർ നയിക്കുന്ന പ്രസ്ഥാനങ്ങൾ അതിനെതിരെ ഐക്യപ്പെടാനുള്ള പ്രധാന കാരണം. സ്ത്രീ, ആണിനെപ്പോലെ സ്വതന്ത്ര വ്യക്തിയാണെന്ന് അവർ അംഗീകരിക്കുന്നില്ല. അതുകൊണ്ടാണ്, "നിന്റെ പെങ്ങളെയോ ഭാര്യയെയോ ഇത്തരം സമരത്തിനു വിടുമോ?" എന്ന് ഒരു പ്രമുഖ ബി.ജെ.പി.നേതാവ് തുറന്നു ചോദിച്ചത്. ആ ചോദ്യം തന്നെ എല്ലാം പറയുന്നുണ്ട്. "സ്ത്രീ എന്നാൽ പുരുഷന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്. നിന്റെ ഭാര്യ, അല്ലെങ്കിൽ നിന്റെ പെങ്ങൾ. അവളെ പുറത്തു വിടണോ വേണ്ടയോ എന്നതൊക്കെ നീ തീരുമാനിക്കേണ്ടത്. നിന്നെ ധിക്കരിച്ച് നിന്റെ തൊഴുത്തിൽ നിന്ന് പുറത്തുകടന്നാൽ ഞങ്ങൾ കുറുവടിയെടുക്കും". പെണ്ണ് സ്വാതന്ത്ര്യം പ്രഖ്യാപിച്ചാൽ ആദ്യം തകരുക മതശാസനങ്ങളും മതം ഉപയോഗിച്ച് കെട്ടിപ്പൊക്കിയ എടുപ്പുകളുമാണ്. എറണാകുളത്ത് പോത്തുകളുമായി എത്തിയ ഇസ്ലാമിസ്റ്റുകളും കോഴിക്കോട്ട് നിറഞ്ഞാടിയ വാനരസേനയും പരസ്പരം കൈകോർക്കാൻ കാരണം, കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നു എന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ്. ഈയൊരു ചരിത്രദൗത്യത്തെ ഒന്നിച്ചുനിന്ന് എതിർത്തേ പറ്റൂ. പിന്നെ, പരസ്പരം നടത്തേണ്ട വർഗ്ഗീയ കലാപങ്ങളും ലഹളകളും പോലുള്ള കലാപരിപാടികൾ.... അത് എവിടെ വെച്ചും എപ്പോൾ വേണമെങ്കിലും ആകാമല്ലോ.... ഒന്നു തൊട്ടാൽ വ്രണപ്പെടാൻ പാകത്തിൽ അമ്പലങ്ങളും പള്ളികളും നാടുനീളെ കെട്ടിപ്പൊക്കിക്കൊണ്ടിരിക്കുന്നു. ഉത്സവങ്ങളും പെരുന്നാളുകളും പോരാതെ, അതിനായി ഉറിയടിയും ബോൺ നത്താലെകളും പുതിയതായി ഇറക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, പൊതു ശത്രുവിനെതിരെ മതമൗലികവാദികൾക്ക് ഒന്നിച്ചുനിൽക്കുകതന്നെ ചെയ്യേണ്ടതുണ്ട്.

ഭരണകൂടത്തിനും അതുതന്നെയാണ് വേണ്ടതെന്ന് എറണാകുളത്തും കോഴിക്കോടും ആലപ്പുഴയിലും നടന്ന ചുംബന കൂട്ടായ്മയോട് പോലീസ് നടത്തിയ സമീപനത്തിൽ നിന്നും വ്യക്തമാണ്. വി.കെ.എൻ. ആരോഹണത്തിൽ എഴുതിയപോലെ, 'നീളൻ ലാത്തി ധരിച്ച പോലീസുകാർ' അക്രമിക്കാൻ എത്തിയവർക്ക് അനുകൂലമായ നിലപാടാണ് മൂന്നിടത്തും സ്വീകരിച്ചത്. സ്നേഹ ചുംബനത്തിന് എത്തിയവരെയാണ് അവർ അറസ്റ്റു ചെയ്ത് നീക്കിയത്. ഗുണ്ടായിസം കാണിക്കുന്നതിന്റെ നേർച്ചിത്രങ്ങൾ പത്രങ്ങൾ മുൻപേജിൽ പ്രസിദ്ധീകരിച്ചു കാണിച്ചിട്ടുപോലും അതു ചെയ്തവർക്കെതിരെ ഒരു നടപടിയുമുണ്ടായില്ല. കോൺഗ്രസ്സിന്റെ കുട്ടിപ്പട്ടാളമായ കെ.എസ്.യുവും വർഗ്ഗീയ ശക്തികളോടൊപ്പം ചേർന്ന് തനിനിറം വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ച് സരിതാനായർ സോളാർ ബിസിനസ് തകൃതിയായി നടത്തിയതിലൊന്നും അശ്ലീലം കാണാത്തവർക്ക് സ്നേഹചുംബനം സഹിക്കാനായില്ല. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ജോപ്പന്, ഒരു ബിസിനസ്സ് നടത്തിയാൽ ഒരു ഉമ്മയാണത്രെ പ്രതിഫലമായി കിട്ടിയിരുന്നത്. സരിതാനായർക്ക് മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള സ്വാധീനത്തെക്കുറിച്ച് സോളാർ കേസിൽ പണം നഷ്ടപ്പെട്ട പരാതിക്കാരെല്ലാം ഏറെ പറഞ്ഞുകഴിഞ്ഞു. അഴിമതിക്ക് പ്രതിഫലമായി ചുംബനം നൽകുന്നതിൽ കെ.എസ്.യു അശ്ലിലം കാണുന്നില്ല. സ്നേഹപ്രകടനമായി അത് ചെയ്യരുതെന്നേയുള്ളൂ. നടി ശ്വേതാമേനോനെ ഒരു ഉൽഘാടനച്ചടങ്ങിനിടയിൽ വെച്ച് പീതാംബര ക്കുറുപ്പ് ഉപദ്രവിച്ചപ്പോഴോ, കാറിൽ കയറുന്നതിനു മുൻപ് സുനന്ദാപുഷ്ക്കറെ യൂത്ത് കോൺഗ്രസ്സുകാർ തൊട്ടു തലോടിയപ്പോഴോ കെ.എസ്.യു കിശോരന്മാരെ ഒരിടത്തും കണ്ടില്ല. ശ്വേതാമേനോനും സുനന്ദാപുഷ്ക്കറും പരസ്യമായി പരാതിപ്പെട്ടിട്ടുപോലും ഒരു പ്രതിഷേധവും പ്രകടിപ്പിക്കാത്തവർ സ്നേഹചുംബനം തടയാൻ വീറോടെ എത്തിച്ചേർന്നു. പുരുഷൻ കഴുത്തിൽ വെച്ചുകൊടുത്ത നുകം, ആഭരണമെന്നുകരുതി അഭിമാനത്തോടെ ചുമക്കുന്ന കുറേ കുലസ്ത്രീകളും സമരത്തെ എതിർക്കാൻ കസവുസാരിയും കസവുബ്ലൗസും ധരിച്ച് മലയാളി മങ്ക ചമഞ്ഞ് അവരോടൊപ്പം കൂടി. 'അരിയാഹാരത്തിനു വേണ്ടിയുള്ള സമരമൊന്നുമല്ലല്ലോ നടക്കുന്നത്' എന്നാണ് രോഷാകുലനായി വിറച്ചുകൊണ്ട്, അവരുടെ മൂത്തനേതാവ് കൊച്ചി മേയർ ടോണി ചമ്മണി ചുംബന സമരത്തോട് പ്രതികരിച്ചത്. ഭാവിയെക്കുറിച്ച് ഒരു ഉത്കണ്ഠയും പങ്കുവയ്ക്കാത്ത ഇത്തരം വയറ്റിപ്പിഴപ്പു രാഷ്ട്രീയക്കാർ, നേരാനേരത്ത് സ്വന്തം കുക്ഷിനിറയ്ക്കാനുള്ള അരിയാഹാരത്തെക്കുറിച്ചു മാത്രമേ ബേജാറാകുന്നുള്ളു.

ആയിരക്കണക്കിന് ആളുകളുടെ എതിർപ്പുണ്ടായിട്ടും വെറും എട്ടുപേരെ പങ്കെടുപ്പിച്ച് സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ മിശ്രഭോജനം എന്ന ക്രമസമാധാന ലംഘനം നടക്കാൻ കാരണം ഇത്തരം ഒരു നോട്ടീസിന്റെ കുറവുകൊണ്ടാണെന്നാണ് ആലപ്പുഴയിലെ ഇൻസ്പെക്ടർ ധരിച്ചിട്ടുള്ളത്. ഒരുപക്ഷേ ഈ നോട്ടീസ് അന്ന് കിട്ടിയിരുന്നെങ്കിൽ, വി.ടി ഭട്ടതിരിപ്പാട് വിധവാ വിവാഹത്തെ പ്രോത്സാഹിപ്പിക്കില്ലായിരുന്നു.

ആലപ്പുഴയിൽ ജനുവരി 4 ന് ചുംബനസമരം നടക്കുമെന്നറിഞ്ഞ് അവിടത്തെ സബ് ഇൻസ്പെക്ടർ ഒരു നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. *'കേരള പോലീസ് ആക്ട് വകുപ്പ് 42 പ്രകാരം ആലപ്പുഴ സൗത്ത് പോലീസ് സബ് ഇൻസ്പെക്ടർ തെര്യപ്പെടുത്തുന്ന നോട്ടീസ്: ആലപ്പുഴ ബീച്ചിൽ വെച്ച് 04-01-15-ാം തിയ്യതി നടത്തുന്ന സമരചുംബനത്തോടനുബന്ധിച്ച് ടി സ്ഥലത്തോ, പരിസരപ്രദേശങ്ങളിലോ, ഗുരുതരമായ ക്രമരാഹിത്യമോ, സമാധാന ലംഘനമോ കൂടിയിരുന്ന ജനങ്ങൾക്ക് പ്രകടമായും ഉടൻ സംബന്ധിക്കാവുന്നതുമായ അപായമോ, ഉണ്ടാകുകയാണെങ്കിൽ ആയതിന് താങ്കളും താങ്കളുടെ സംഘടനയുടെ പ്രതിനിധികളും പൂർണ്ണമായും ഉത്തരവാദിയാകുന്നതും താങ്കളുടേയും താങ്കളുടെ സംഘടനയുടേയും പേരിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു'.*

ഇത്തരം ഒരു നോട്ടീസ് പുറപ്പെടുവിക്കാനുള്ള ബുദ്ധി വർഷങ്ങൾക്കു മുമ്പ് പോലീസ് ഏമാന്മാർ കാണിക്കാതിരുന്നത് മണ്ടത്തരമായി. ആയിരക്കണക്കിന് ആളുകളുടെ എതിർപ്പുണ്ടായിട്ടും വെറും എട്ടുപേരെ പങ്കെടുപ്പിച്ച് സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ മിശ്രഭോജനം എന്ന ക്രമസമാധാനലംഘനം നടക്കാൻ കാരണം ഇത്തരം ഒരു നോട്ടീസിന്റെ കുറവുകൊണ്ടാണെന്നാണ് ആലപ്പുഴയിലെ ഇൻസ്പെക്ടർ ധരിച്ചിട്ടുള്ളത്. ഒരുപക്ഷേ ഈ നോട്ടീസ് അന്ന് കിട്ടിയിരുന്നെങ്കിൽ, വി.ടി ഭട്ടതിരിപ്പാട് വിധവാ വിവാഹത്തെ പ്രോത്സാഹിപ്പിക്കില്ലായിരുന്നു. ശ്രീനാരായണൻ ജാതി ചിന്തക്കെതിരെ 'കമാ' എന്ന് മിണ്ടില്ലായിരുന്നു. ക്ഷേത്രപ്രവേശനത്തിനും വഴിനടക്കൽ സ്വാതന്ത്ര്യത്തിനും വേണ്ടി ഒരാളും തുനി




ഞ്ഞിറങ്ങില്ലായിരുന്നു. അയ്യങ്കാളി 'അയ്യോ' എന്നു നിലവിളിച്ച് വീട്ടിൽ നിന്നുതന്നെ പുറത്തിറങ്ങില്ലായിരുന്നു. കുമാരനാശാൻ കവിതയല്ല, പലചരക്കുകടയിലേക്ക് കുറിപ്പടിപോലും എഴുതില്ലായിരുന്നു. പിന്നോക്കക്കാരായ പെണ്ണുങ്ങൾ മാറുമറയ്ക്കാതെയും നമ്പൂതിരി സ്ത്രീകൾ ഓലക്കുടക്കു കീഴിൽ കൂനിക്കൂടിയും നടക്കുമായിരുന്നു. കേളപ്പനും കൃഷ്ണപ്പിള്ളയും രാമായണം വായിച്ചോ ബീഡിതെറുത്തോ കാലം കഴിക്കുമായിരുന്നു. എങ്കിൽ ഒരു ക്രമസമാധാന പ്രശ്നങ്ങളുമില്ലാത്ത തികച്ചും സമാധാനപൂർണ്ണമായ ജീവിതം കേരളത്തിൽ സംജാതമാകുമായിരുന്നു.

വാസ്തവത്തിൽ മാറുമറക്കാത്ത ഒരു കേരളത്തിന്റെ ടൂറിസ്റ്റ് സാദ്ധ്യത എത്ര വലുതായിരുന്നു! അത്തരം ഒരു കേരളത്തിലാണ് 'എന്റെ കേരളം, എത്ര സുന്ദരം' എന്ന് ഉഷാ ഉതുപ്പ് പാടേണ്ടിയിരുന്നത്. എല്ലാറ്റിലും പ്രായോഗിക സമീപനം വേണമെന്ന് പറയുന്ന ഉമ്മൻചാണ്ടിയെപ്പോലെ ഒരു മുഖ്യമന്ത്രി അന്ന് ഇല്ലാതെ പോയത് നാടിന്റെ നഷ്ടം തന്നെയാണ്. നമ്മുടെ കഷ്ടക്കാലത്തിന് മേഴത്തൂർ, ചെമ്പഴന്തി, ചെറായി, വെങ്ങാന്നൂർ മുതലായ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ഇത്തരത്തിൽ നോട്ടീസ് ഡ്രാഫ്റ്റ് ചെയ്യാനോ, അത് ജനസമക്ഷം തെര്യപ്പെടുത്താനോ കഴിവുള്ള ചെന്നിത്തലമന്ത്രിയുടെ ഇൻസ്പെക്ടർമാർ അന്ന് ഇല്ലാതെ പോയി. ചാണ്ടിത്തലയും ചെന്നിത്തലയും കാലംതെറ്റി ഭൂജാതരായതുകൊണ്ടാണ് എല്ലാം കീഴ്മേൽ മറിഞ്ഞത്. അതല്ലായിരുന്നെങ്കിൽ കേരളത്തിന്റെ നവോത്ഥാനം എന്ന മാരണത്തെ അവർ ലാത്തിയും ലോക്കപ്പും ഉപയോഗിച്ച് പണ്ടേ തടയുമായിരുന്നു. അന്ന് അത് ചെയ്യാനാകാത്തതിന്റെ സങ്കടം ഇന്ന് അവർ കുരങ്ങൻ സേനയ്ക്ക് കൂട്ടുനിന്നുകൊണ്ട് നിറവേറ്റുന്നു എന്നുമാത്രം. അതിനാൽ, തങ്ങളുടെ മുന്നിൽ വച്ച് സ്ത്രീകളുടെ മുടി പിടിച്ചുവലിക്കുകയും നിരത്തിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്ത വാനരസേനകളുടെ പ്രവൃത്തി അവരുടെ പോലീസ് കൈയ്യും കെട്ടി നോക്കിനിന്നു. പോലീസും സമരക്കാരെ വലിച്ചിഴച്ചാണ് വണ്ടിയിലേക്ക് കൊണ്ടുപോയത്. 'അമ്മയേയും പെങ്ങളെയും കൊണ്ടുവരാമായിരുന്നില്ലേടാ' എന്ന ബി.ജെ.പി നേതാക്കളുടെ ഭാഷ തന്നെയാണ് പോലീസും ഉപയോഗിച്ചത്. ചുംബന സമരത്തിന് സംരക്ഷണം കൊടുക്കേണ്ടത് പോലീസിന്റെ കടമയല്ലെന്ന് കോഴിക്കോട് കമ്മീഷണർ എ.വി. ജോർജ്ജ് വ്യക്തമായി പറയുകയും ചെയ്തു. സമരക്കാരെ ഹനുമാൻ സേന വളഞ്ഞിട്ട് തല്ലുമ്പോൾ, പോലീസിന്റെ പണി സമരക്കാരെ അറസ്റ്റ് ചെയ്ത് നീക്കലായിരുന്നു. പോലീസ് ഉദ്ദേശിച്ചതുതന്നെയാണ് കോഴിക്കോട് ചുംബന സമരത്തിൽ നടന്നത് എന്നതുകൊണ്ടായിരിക്കണം പോലീസിന് വീഴ്ച പറ്റിയിട്ടില്ലെന്ന് കമ്മീഷണറും ആഭ്യന്തര മന്ത്രിയും പറഞ്ഞുകൊണ്ടിരുന്നത്.

നമോവിചാർമഞ്ച് വിട്ട് സി.പി.എമ്മിൽ ചേരാൻ വന്ന ഒ.കെ.വാസുവിനെയും സംഘത്തെയും രണ്ടുകൈയും നീട്ടി 'ലാൽ സലാം സഖാക്കളെ, സ്വാഗതം, സ്വാഗതം സഖാക്കളെ' എന്ന് പറഞ്ഞ് സ്റ്റേജിലേക്ക് സ്വീകരിച്ച പി.ജയരാജന്റെ പ്രകടനം ഓർമ്മിപ്പിക്കുന്നതായിരുന്നു കോഴിക്കോട് ചുംബനസമരം നടന്നതിനു ശേഷം പിണറായി വിജയൻ നടത്തിയ പ്രതികരണം. കിടപ്പറയിൽ ചെയ്യുന്നത് തെരുവിൽ ചെയ്താൽ ഇത്തരം അനുഭവം ഉണ്ടാകും എന്നാണ് അദ്ദേഹം മൊഴിഞ്ഞത്. തന്റെ കാലത്ത്, സംസ്ഥാനത്ത് ആദ്യമായി വാനരസേനക്ക് അരങ്ങേറ്റം കുറിക്കാനായതിൽ അദ്ദേഹത്തിന് ഒട്ടും വേവലാതിയില്ല. കുരങ്ങുസേനയെ മതിവരുവോളം വിഹരിക്കാൻ അനുവദിച്ച പോലീസ് നടപടിയിലും അദ്ദേഹത്തിന് പരാതിയില്ല. സ്നേഹപ്രകടനമായ ചുംബനമാണ് പിണറായിയെ പ്രകോപിപ്പിച്ചത്. അഴിമതിയിൽ മുങ്ങിക്കുളിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടി രാജിവെക്കണമെന്നാവശ്യപെട്ട്, ലക്ഷക്കണക്കിനു പ്രവർത്തകരുമായി സെക്രട്ടേറിയറ്റ് വളഞ്ഞ് നടത്തിയ സമരം പിൻവലിക്കേണ്ടിവന്നതിന്റെ അനുഭവത്തിൽ നിന്നാണ്, ചുംബനസമരത്തെപറ്റി പറയേണ്ടിവന്നപ്പോൾ കിടപ്പറ എന്നവാക്ക് ഉച്ചരിച്ചുപോയത്. സെക്രട്ടേറിയറ്റ് വളയൽ സമരത്തിലെ വില്ലൻ യഥാർത്ഥത്തിൽ കക്കൂസ് ആയിരുന്നല്ലോ. തിരുവനന്തപുരം നഗരത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷണ ശാലകൾ കെട്ടിയുയർത്തി വിഭവസമൃദ്ധ

മായ ശാപ്പാട് നൽകിയാണ് സമരപ്രവർത്തകരെ സെക്രട്ടേറിയറ്റിന്റെ നാലു കവാടങ്ങളും ഉപരോധിക്കാൻ പറഞ്ഞുവിട്ടത്. ഇവർക്ക് പിറ്റേന്ന് വെളിക്കിരിക്കേണ്ടിവരുമെന്ന് തിരക്കിനിടയിൽ ആരും ഓർത്തില്ല. 'ഇതുപോലൊരു നാറിയ ഭരണം' എന്ന മുദ്രാവാക്യവുമായി മുന്നേറിയ സമരം 'ഇതുപോലൊരു നാറിയ സമരം' എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടാലുള്ള നാണക്കേട് ഒഴിവാക്കാനാണ് മുഖ്യമന്ത്രി രാജിവയ്ക്കാതെ പിന്നോട്ടില്ല എന്ന പ്രഖ്യാപനം രായ്ക്കുരാമാനം പിൻവലിച്ച് തടി രക്ഷിക്കാൻ കാരണം. അതുകൊണ്ട്, കിടപ്പറയും ഡൈനിംഗ് റൂമും ടോയ്‌ലറ്റുമൊക്കെ വീട്ടിനകത്ത് മാത്രമല്ല, സമരരംഗത്തും സുപ്രധാനമായ കാര്യങ്ങളാണ് എന്നു മാത്രമേ പിണറായി ഉദ്ദേശിച്ചിരിക്കുകയുള്ളൂ. പുന്നപ്ര വയലാറിലെ ചെത്തിക്കൂർപ്പിച്ച വാരിക്കുന്തങ്ങളേക്കാൾ മൂർച്ചയുണ്ടെന്നോ, ഒന്ന് ഉമ്മ വയ്ക്കാൻ വേണ്ടി കൂർപ്പിച്ചുപിടിച്ച അധരമുനകൾക്ക് !

വാർത്തകളിൽ ശർക്കരനീരു പുരട്ടി മലയാളിയെ സുഖിപ്പിക്കുന്ന മനോരമ പത്രം ആലപ്പുഴയിൽ നടന്ന സമരവും ഒരു മധുരക്കറിയായി പിറ്റേന്ന് പ്രഭാതത്തിൽ വിളമ്പി. അത് ഇങ്ങനെയായിരുന്നു: 'ബീച്ചിലെ ചുംബനം പൊളിഞ്ഞു. പക്ഷേ, സമരക്കാർ കിടങ്ങാംപറമ്പിലും അമ്പലപ്പുഴ പോലീസ് സ്റ്റേഷനിലും ചുംബിച്ച് ആശ്വാസം കണ്ടെത്തി. ഈ ചുംബനങ്ങൾ അപ്രതീക്ഷിതമായിരുന്നതിനാൽ കാണികൾക്ക് വലിയ ഗുണം ചെയ്തില്ല.' ചുംബനസമരത്തിലെ രാഷ്ട്രീയത്തെ എടുത്തുമാറ്റി, ചുംബിക്കുന്നത് സമരക്കാർക്ക് ആശ്വാസം കിട്ടാൻ മാത്രമാണെന്നും പൊതുജനങ്ങൾക്ക് അത് ഫ്രീയായി കിട്ടുന്ന ഒരു കാഴ്ച മാത്രമാണെന്നും അവതരിപ്പിച്ച് പത്രമുത്തശ്ശി അതിന്റെ അളിഞ്ഞ സംവേദനക്ഷമതയോട് നീതി പുലർത്തി. പ്രതിഷേധിക്കാനുള്ള ജനാധിപത്യാവകാശത്തെ തടഞ്ഞ്, പോലീസ് സ്റ്റേഷനുമുന്നിൽ നിന്നുപോലും ഭീഷണി മുഴക്കിയ അക്രമികൾക്കെതിരെ ചെറുവിരൽ പോലും അനക്കാതിരുന്ന പോലീസ് നടപടി, മനോരമയെ സംബന്ധിച്ച് 'സമരത്തെ പൊളിക്കാൻ വേണ്ടി പോലീസ് തയ്യാറാക്കിയ വിദഗ്ദ തിരക്കഥ'യാണ്. പോലീസ് സ്റ്റേഷനു പുറത്ത് പ്രതിഷേധവുമായി ശിവസേനാ പ്രവർത്തകർ നിരന്നതും, അകത്ത് നാടൻ പാട്ടു പാടി ചുംബനസമരം നടത്തുന്ന സമരക്കാർ നിന്നതും ശ്രീനിവാസൻ ഒരു സിനിമയിൽ 'അവിടെ പാലുകാച്ച്, ഇവിടെ കല്ല്യാണം' എന്നു പറഞ്ഞതുപോലെയാണത്രെ. ഇങ്ങനെയൊക്കെ റിപ്പോർട്ടു ചെയ്യാൻ മനോരമയുടെ പരിശീലനത്തിന് മാത്രമേ കഴിയുകയുള്ളൂ. ഇതൊക്കെ വായിച്ച് അജീർണ്ണം ബാധിച്ച മലയാളി ഇപ്പോഴും അവശേഷിക്കുന്നതാണ് അത്ഭുതം.

ഭാരതീയ പുരാണമനുസരിച്ച് വ്യാസൻ, മഹാബലി, അശ്വത്ഥാമാവ്, വിഭീഷണൻ, കൃപൻ, പരശുരാമൻ, മാർക്കണ്ഡേയൻ എന്നിവർക്കൊപ്പം ഹനുമാനും ചിരഞ്ജീവിയാണ്. മരണമില്ലാത്തവൻ. ഹനുമാന്റെ ജീവിതത്തിലെ പ്രധാന ദൗത്യങ്ങൾ അകന്നുപോയ സ്ത്രീപുരുഷ ബന്ധങ്ങളെ സ്ഥാപിക്കലും അതിനെ പരിപോഷിപ്പിക്കലുമായിരുന്നു. വിരഹിയായ ശ്രീരാമന്റെ ദൂതുമായി അദ്ദേഹം കടൽചാടിക്കടന്ന് അനേകം പ്രതിബന്ധങ്ങളെ തരണം ചെയ്ത് ലങ്കയിലെത്തി സീതയെ കണ്ട് ശ്രീരാമന്റെ സന്ദേശം കൈമാറി. 'ലവണാസുരവധ'ത്തിലെ ' 'സുഖമോ ദേവി...'' എന്നുതുടങ്ങുന്ന ഹനുമാന്റെ പദം കേൾക്കാത്ത മലയാളികൾ കുറവായിരിക്കും. ഹനുമാന്റെ സംസ്കാരം അതിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. തന്റെ പത്നിയായ പാഞ്ചാലിക്കുവേണ്ടി കല്ല്യാണസൗഗന്ധികം എന്ന പുഷ്പം അന്വേഷിച്ചെത്തിയ ഭീമസേനനെ അതിന് വേണ്ടി സഹായിക്കുന്നതും ഹനുമാൻ തന്നെയാണ്. ചുംബന സമരത്തോട് ഐക്യപ്പെടാനെത്തിയ ദീദിദാമോദരനും അവരുടെ ഭർത്താവ് പ്രേംചന്ദിനും കോഴിക്കോട്ടെ തെരുവിൽ വച്ച് മർദ്ദനമേൽക്കുന്ന സന്ദർഭത്തിൽ യഥാർത്ഥ ഹനുമാൻ അനുയായികളാണ് അവിടെ ഉണ്ടായിരുന്നതെങ്കിൽ ആ ദമ്പതികൾക്ക് സംരക്ഷണമാണ് ലഭിക്കുക. പക്ഷെ, അതൊന്നുമല്ല അവിടെ നടന്നത്. യഥാർത്ഥത്തിൽ ആരാണ് ഭാരതീയ സംസ്കാരത്തെ വികലമാക്കുന്നത്? ഇതൊക്കെക്കണ്ട് ഹനുമാന്റെ ആത്മാവ് പൊറുക്കട്ടെ എന്ന് പരിതപിക്കാനും നിവൃത്തിയില്ല. കാരണം, അദ്ദേഹം ചിരഞ്ജീവിയാണല്ലോ...ഹനുമാനെപ്പോലെ സ്ത്രീകളോട് ആദരവോടെ പെരുമാറുന്ന ഒരു കഥാപാത്രം പുരാണങ്ങളിൽ വേറെ കാണുമോ എന്നുതന്നെ സംശയമാണ്. രാമനാമം കേട്ട് മരണത്തെ പുൽകാനാകുന്നത് പുണ്യമാണെന്ന് കരുതുന്ന ജനങ്ങളുള്ള ഒരു നാട്ടിൽ, രാമനാമം ശാന്തിക്കും സമാധനത്തിനുമല്ല, കൊലവിളിക്കാണ് ഉപയോഗിക്കേണ്ടത് എന്ന് ശഠിക്കുന്നവർക്ക് ഒരു കുരങ്ങനെ അവഹേളിക്കുന്നതിൽ എന്ത് കുണ്ഠിതം ഉണ്ടാകാനാണ്? ഏതോ കുറവന്റെ തപ്പുതാളത്തിനനുസരിച്ച് ചാടിക്കളിക്കുന്ന കുഞ്ചിരാമന്മാർക്ക് ഹനുമാന്റെ മുദ്ര ഒട്ടും ചേരില്ല. രാമനാമത്തെ വെടക്കാക്കിയവർ രാമഭക്തനേയും വെറുതെ വിടുന്നില്ല.

സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും ഉയിർത്തെഴുന്നേൽപ്പിനും നാന്ദി കുറിച്ചേക്കാവുന്ന ഒരു സമരത്തെ, നവോത്ഥാനത്തിന്റെ തുടർച്ചതന്നെയായി കവികളും ചിന്തകരും വിലയി

⇨ ഇത്തരം നടപടി പോലീസുകാർ ട്രൗസർ ഇട്ടുനടന്നിരുന്ന സർ സി.പിയുടെ കാലത്തുപോലും നടന്നിട്ടുണ്ടാവില്ല ⇨



# ചുംബനസമരക്കാരെ കണ്ടവരുണ്ടോ?

## ലാത്തിയുമായി പോലീസ്; ചൂരലുമായി ശിവസേന

**തൃശ്ശൂർ:** ചുംബനസമരക്കാരെ തിരഞ്ഞുള്ള ഓട്ടത്തിലായിരുന്നു നഗരവും ജില്ലയിലെ ചില പ്രദേശങ്ങളും ഞായറാഴ്ച ഉച്ചയ്ക്കുശേഷം. സമരം നടത്താനൊരുങ്ങുന്നുവെന്ന പ്രചാരണം പോലീസുകാരെയും സമരത്തെ എതിർക്കുന്നവരെയും മാധ്യമ പ്രവർത്തകരെയും മണിക്കൂറുകളം വലച്ചു. നഗരത്തിൽ വിവധയിടങ്ങളിലും തൃപ്രയാർ, കാഞ്ഞാണി എന്നിവിടങ്ങളിലും പോലീസുകാരും സമരത്തെ എതിർക്കുന്ന ശിവസേനക്കാരും പിന്നെ കാഴ്ചക്കാരും നാലുമണിക്കൂറോളം കാത്തുനിന്നു. ഒടുവിൽ സമരം നടക്കില്ലെന്നുറപ്പായതോടെ മടങ്ങേണ്ടിയും വന്നു.

പോലീസ് ലാത്തിയുമായാണ് സമരക്കാരെ കാത്തുനിന്നതെങ്കിൽ ശിവസേനാ പ്രവർത്തകർ ചൂരലുമായാണ് എത്തിയത്. ഇതിനിടയിലൂടെ ന്യൂജൻ വേഷവിധാനത്തോടെ പോയ ആൺകുട്ടികളെയും പെൺകുട്ടികളെയും സംശയദൃഷ്ടിയോടെയാണ് സർവരും നോക്കിയത്. രണ്ടുമണിക്ക് ആരംഭിച്ച ഈ പരക്കം പാച്ചിലുകൾ വൈകീട്ട് ആറുമണിയോടെയാണ് അവസാനിച്ചത്. ചുംബനസമരം നടന്നതുമില്ല. പോലീസിനും എതിർക്കാനെത്തിയവർക്കും കാണാനെത്തിയ ആൾക്കൂട്ടത്തിനുമിടയിൽ സമരം പ്രഖ്യാപിച്ചവരും ഉണ്ടായിരുന്നുവെന്നാണ് കേൾവി. തൃപ്രയാറിലും കാഞ്ഞാണിയിലും ബി.ജെ.പി. പ്രവർത്തകർ എതിർപ്പുമായി തടിച്ചുകൂടി. പക്ഷേ, സമരക്കാർ ഒരിടത്തും വന്നതുമില്ല.

കിഴക്കേക്കോട്ടയിലും തെക്കേഗോപുരനടയിലുമാണ് ഏറ്റവും അധികം പേർ സമരക്കാരെ കാത്തുനിന്നത്. ഓരോയിടത്തും അമ്പതോളം പോലീസുകാരാണ് ഉണ്ടായിരുന്നത്. നഗരത്തിലെ സ്റ്റേഷനുകളിൽനിന്നുള്ള പോലീസുകാർക്കു പുറമെ എ.ആർ. ക്യാമ്പിൽനിന്നുള്ളവരും എത്തിയിരുന്നു. നഗരത്തിൽ എല്ലായിടത്തും മഫ്ടി പോലീസ് സമരക്കാരെ തേടിയുള്ള അന്വേഷണത്തിലായിരുന്നു. ടൗൺഹാൾ കേന്ദ്രീകരിച്ചാണ് സമരക്കാർ സംഘടിക്കുന്നത് എന്ന വിവരം കിട്ടിയതിനെ തുടർന്ന് പോലീസ് അവിടെയും എത്തി. വനിതാപോലീസുതന്നെ അമ്പതോളം പേർ നിരത്തിലിറങ്ങിയിരുന്നു.

കഴിഞ്ഞദിവസം മൊബൈൽ ഫോൺവഴി പ്രചരിച്ച സന്ദേശമായിരുന്നു ഈ പരക്കം പാച്ചിലുകൾക്ക് ആധാരം. തൃശ്ശൂരിൽ ചുംബനസമരം നടത്തുമെന്നല്ലാതെ എവിടെ നടത്തുമെന്ന് പറയുന്നില്ലായിരുന്നു.

ശിവസേനാ പ്രവർത്തകർ പ്രകടനം നടത്തി. തെക്കേഗോപുരനടയിൽനിന്ന് പടിഞ്ഞാറേകോട്ടയിലേക്ക് നടത്തിയ പ്രകടനം ജില്ലാ പ്രസിഡന്റ് വിപിൻദാസ് ഉദ്ഘാടനം ചെയ്തു.

ചുംബനം തടയാൻ... തൃശ്ശൂരിൽ ചുംബനസമരം നടക്കുമെന്ന വാർത്ത പരന്നതിനെത്തുടർന്ന് തെക്കേഗോപുരനടയിൽ കാത്തുനിൽക്കുന്ന പോലീസുകാരും ശിവസേനാ പ്രവർത്തകരും

രുത്തുന്ന ഈ സമരരീതിയെ, തങ്ങളുടെ തൊഴുത്തിലെ കറവമാടുകളെ കവർന്നെടുക്കാൻ വരുന്ന കവർച്ചക്കാരെ എതിരിടുന്ന വീട്ടുടമസ്ഥനെപ്പോലെ കേരളത്തിലെ രാഷ്ട്രീയ കക്ഷികളും മത സംഘടനകളും ഭരണവർഗ്ഗവും അവരുടെ പോലീസും പത്രമാദ്ധ്യമങ്ങളും ഒന്നിച്ചുചേർന്ന് എതിർക്കുകയാണ്. അതിനുവേണ്ടി വാനരസംഘത്തെ കേരളത്തിലേക്ക് ആനയിക്കുന്നതിൽ അവർ ഒറ്റക്കെട്ടാണ്. കടലിൽ കല്ലുകൾ നിക്ഷേപിച്ച് സേതുബന്ധനം തീർത്ത്, ലങ്കയിലേക്ക് കടക്കാൻ ശ്രീരാമനെ സഹായിച്ചത് ഹനുമാനും സുഗ്രീവനും അടങ്ങുന്ന വാനര സൈന്യമാണ്. ചുംബന സമരത്തോടെ കേരളത്തിലേക്കും അദൃശ്യമായ ഒരു സേതുബന്ധനം നടന്നിരിക്കുന്നു. കേരളത്തിൽ നടന്ന സേതുബന്ധനത്തിലൂടെ വരവേൽപ്പ് നൽകി കൊണ്ടുവരുന്നത് ഉത്തരേന്ത്യൻ അവശേഷിപ്പായ വാനരസേനകളെയാണ് എന്ന വ്യത്യാസം മാത്രമേയുള്ളൂ. സൂക്ഷിച്ചു നോക്കൂ.... ആ കല്ലുകളിൽ പലതിലും കാക്കിയും ചുവപ്പും ത്രിവർണ്ണവും കാണാം...

**വൈകിക്കിട്ടിയത്:** തൃശൂർ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുംബന കൂട്ടായ്മ നടക്കുന്നു എന്ന പ്രചരണത്തെ തുടർന്ന് തെക്കേഗോപുരനട, കിഴക്കേക്കോട്ട, പടിഞ്ഞാറെക്കോട്ട, ടൗൺഹാൾ, കാഞ്ഞാണി, തൃപ്രയാർ എന്നിവിടങ്ങളിൽ വൻ പോലീസ് സന്നാഹം ലാത്തിയുമായി അണിനിരന്നു. ഓരോ സ്ഥലത്തും അമ്പതിൽ അധികം പോലീസുകാർ ഉണ്ടായിരുന്നു. സ്റ്റേഷനിലുള്ളവർ പോരാതെ എ.ആർ. ക്യാമ്പിൽ നിന്നുള്ളവരും ധാരാളം വനിതാ പോലീസുകാരും എത്തിയിരുന്നു. ഈ സ്ഥലങ്ങളിലെല്ലാം തന്നെ ശിവസേനക്കാർ ചൂരൽവടിയുമായി കൂട്ടത്തോടെ എത്തിച്ചേർന്നു. ചുംബന സമരക്കാരെ പ്രതീക്ഷിച്ച് പോലീസും ശിവസേനയും ലാത്തിയും ചൂരലുമായി നാല് മണിക്കൂറോളം ചിലവഴിച്ചു. കഴിഞ്ഞ മൂന്ന് സമരങ്ങളിലും അക്രമം അഴിച്ചുവിട്ടവർ ആയുധം ചുഴറ്റി പോലീസിനൊപ്പം ഇരകളെ പ്രതീക്ഷിച്ച് അക്ഷമരായി ഉലാത്തുന്ന ദൃശ്യം ഏതോ മധ്യകാലയുഗത്തിന്റെ പ്രതീതിയാണ് ഉണ്ടാക്കിയത്. ഇടയ്ക്ക് വച്ച് ടി.വി. ഓൺചെയ്തവർ ഇതിന്റെ തത്സമയ ദൃശ്യങ്ങൾ കണ്ട്, തങ്ങൾ കാണുന്നത് സിനിമയോ യാഥാർത്ഥ്യമോ എന്നറിയാതെ കുഴഞ്ഞു. പോലീസിന്റെ യൂണിഫോം നോക്കി പലരും കാലഗണന നടത്തി. നിയമവ്യവസ്ഥയെ കൊഞ്ഞനംകുത്തുന്ന ഇത്തരം നടപടി പോലീസുകാർ ട്രൗസർ ഇട്ടുനടന്നിരുന്ന സർ സി.പിയുടെ കാലത്തുപോലും നടന്നിട്ടുണ്ടാവില്ല. ഗ്യാങ്സ്റ്ററുകളുടെ കൈപ്പിടിയിലേക്ക് സംസ്ഥാനം നീങ്ങുന്നതിന്റെ സൂചനകൾ കാണിക്കുന്ന ഈ താലിബാനിസത്തെ, ചിത്രം സഹിതം മാതൃഭൂമി പത്രം വെറും തമാശമട്ടിലാണ് പിറ്റേന്ന് റിപ്പോർട്ട് ചെയ്തത്. അഞ്ച് കോളം വാർത്തകൊടുത്ത് അവർ തലക്കെട്ടിലൂടെ 'ചുംബനസമരക്കാരെ കണ്ടവരുണ്ടോ' എന്ന് പരിഹസിക്കുകയാണ് ചെയ്തത്.

മൊബൈൽഫോൺ വഴി പ്രചരിച്ചത് വ്യാജസന്ദേശമായിരുന്നു എന്ന് ഉറപ്പായതോടെയാണ് ശിവസേനക്കാർ പോലീസിന്റെ സാന്നിധ്യത്തിൽ പ്രകടനം കൂടി നടത്തി പിരിഞ്ഞുപോയത്. ഫാസിസത്തിനെതിരെ പ്രതീകാത്മകമായി പോലും പ്രതിഷേധിക്കുന്നവർ ഇടിവണ്ടിയിലേറി പോലീസ്റ്റേഷനുള്ളിലേക്കും, സമരക്കാരെ ആയുധം ഉപയോഗിച്ച് കൂട്ടം ചേർന്ന് മർദ്ദിക്കുന്ന സംഘങ്ങൾ സുരക്ഷിതരായി പാട്ടുംപാടി സ്വന്തം വീട്ടിലേക്കും എന്നതാണ് കേരളത്തിലെ നടപ്പുരീതി അഥവാ നടപ്പുനീതി.■


**ഹരിതാമൃതം 2015**

**ഫെബ്രുവരി 13 – 17, വടകര ടൗൺ ഹാൾ**

കൃഷി, ആരോഗ്യ സുരക്ഷ,
പരിസ്ഥിതി സംരക്ഷണ പഠന-സാംസ്കാരിക
പരിപാടികൾ, പ്രദർശനങ്ങൾ
ബന്ധങ്ങൾക്ക്: 9539157337